പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

| നക്ഷത്ര ചിഹ്നമിടാത്തചോദ്യം നം. 1723 | 07/03/2018 ൽ മറുപടി നല്കേണ്ടത്. |
|---|---|

## ശൂന്യവേതനാവധി എടുക്കുന്നതിന് നിയന്ത്രണം

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.സി.കൃഷ്ണൻ** | | **ശ്രീമതി .കെ.കെ. ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി) |
| എ) | ആരോഗ്യ വകുപ്പിലെ ഡോക്ടർമാർ, നേഴ്സ്, പാരാമെഡിക്കൽ ജീവനക്കാർ എന്നിവർക്ക് ഉപരിപഠനം, മെഡിക്കൽ ലീവ് തുടങ്ങിയ കാരണങ്ങൾ ഒഴികെ മറ്റ് ആവശ്യങ്ങൾക്ക് ദീർഘകാലത്തേക്ക് ശൂന്യവേതനാവധി എടുക്കുന്നതിന് എന്തെങ്കിലും നിയന്ത്രണം നിലവിലുണ്ടോയെന്ന് വ്യക്തമാക്കുമോ; ഇല്ലെങ്കിൽ നിയന്ത്രണം ഏർപ്പെടുത്താനാവശ്യമായ നടപടികൾ സ്വീകരിക്കുമോ? | എ) | ആരോഗ്യവകുപ്പിലെ ഡോക്ടർമാർക്ക് ഉപരിപഠനം, മെഡിക്കൽ ലീവ് തുടങ്ങിയ കാരണങ്ങൾ ഒഴികെ മറ്റ് ആവശ്യങ്ങൾക്ക് ദീർഘകാല ശൂന്യവേതനാവധി അനുവദിക്കുന്നതിൽ ചില നിയന്ത്രണങ്ങൾ സർക്കാർ ഏർപ്പെടുത്തിയിട്ടുണ്ട്. 22.7.2003 ലെ സ.ഉ (സാധാ) 2190/ 2003 /ആകുവ പ്രകാരവും 1.08.11 ലെ സർക്കുലർ 29953/ ഇ 1/2011/ ആകുവ പ്രകാരവും Appendix XII A, XII C പ്രകാരമുള്ള ശൂന്യവേതനാവധി ദുർലഭ വിഭാഗത്തിൽ ഉണ്ടായിട്ടുള്ള ഡോക്ടർമാർക്ക് അനുവദിക്കാൻ പാടില്ല എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ഇതിലേക്കായി ആരോഗ്യവകുപ്പ് ഡയറക്ടറേറ്റിനു കീഴിലും മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറേറ്റിനു കീഴിലുമുള്ള ദുർലഭ വിഭാഗങ്ങൾ നിശ്ചയിച്ചിട്ടുണ്ട്. Appendix XII A, XII C പ്രകാരമുള്ള ശൂന്യവേതനാവധി 3 വർഷം തുടർച്ചയായ സേവനമില്ലാത്ത ഡോക്ടർമാർക്ക് അനുവദിക്കേണ്ടതില്ല എന്നും പ്രസ്തുത ഉത്തരവിൽ നിഷ്കർഷിച്ചിട്ടുണ്ട്.സർക്കാർ ഡോക്ടർമാർ ദീർഘകാല അവധിയിൽ പ്രവേശിക്കുന്നത് വകുപ്പിന്റെ പ്രവർത്തനങ്ങളെ സാരമായി ബാധിക്കുന്നത് ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് Scarce Category എന്ന വേർതിരിവില്ലാതെ എല്ലാ ഡോക്ടർമാരുടേയും Appendix XII A, XII C പ്രകാരമുള്ള അവധി അപേക്ഷകൾ നിലവിൽ സർക്കാർ പ്രോത്സാഹിപ്പിക്കുന്നില്ല.<br>ആരോഗ്യവകുപ്പിലെ സ്റ്റാഫ് നഴ്സ്, ഫാർമസിസ്റ്റ് തസ്തികയിലുള്ള ജീവനക്കാർക്ക് നിലവിൽ ഉപരിപഠനം, |

| | | | |
|---|---|---|---|
| | | | മെഡിക്കൽ ലീവ് തുടങ്ങിയ കാരണങ്ങൾ ഒഴികെ മറ്റ് ആവശ്യങ്ങൾക്ക് ദീർഘകാല ശൂന്യവേതനാവധി അനുവദിക്കുന്നതിൽ നിയന്ത്രണങ്ങൾ ഏർപ്പെടുത്തുന്നത് സംബന്ധിച്ച വിഷയം സർക്കാരിന്റെ പരിഗണന യിലാണ്. |

സെക്ഷൻ ഓഫീസർ